**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 678** **28.09.2011 -ൽ മറുപടിക്ക്**

**സാംക്രമികരോഗ നിയന്ത്രണം**

| ചോദ്യം<br>ശ്രീ.എളമരം കരീം | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | വർദ്ധിച്ചതോതിൽ പകർച്ചപ്പനി, എച്ച്1 എൻ1, ടൈഫോയ്ഡ്, കോളറ, മലേറിയ, ഡെങ്കിപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾ പകരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിവന്ന മുൻകരുതലുകൾ തുടരുവാൻ കഴിയാത്തതിനാലാണ് രോഗം കൂടുതൽ പടർന്നുപിടിക്കാൻ കാരണമായതെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; | (ബി) | രോഗപ്രതിരോധ പ്രവർത്തനങ്ങൾ എല്ലാം തന്നെ തുടർ പദ്ധതി പ്രകാരമാണ് നടന്നു വരുന്നത്. ആയതിനാൽ മുൻകാലത്ത് നടപ്പാക്കിവന്ന മുൻകരുതലുകൾ തുടർന്നു കൊണ്ടേയിരിക്കുന്നു. |
| (സി) | എന്തു മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (സി) | വർദ്ധിച്ചതോതിൽ പകർച്ചപ്പനി, എച്ച് 1 എൻ1, ടൈഫോയ്ഡ്, കോളറ, മലേറിയ, ഡെങ്കിപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾ പടരാതിരിക്കുവാൻ സംസ്ഥാന തലത്തിലും, ജില്ലാ തലങ്ങളിലും, പഞ്ചായത്ത് തലങ്ങളിലും വിവിധ വകുപ്പുകളുടേയും, ആരോഗ്യ പ്രവർത്തകരുടേയും , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും , ജനനേതാക്കളുടേയും പങ്കാളിത്തത്തോടെ പരിസരശുചീകരണം ഊർജ്ജിതമായി നടത്തിവരുന്നു. അതോടൊപ്പം മാലിന്യ നിർമ്മാർജ്ജനം, കൊതുക്, കൂത്താടി ഉറവിട നശീകരണം, ഓടവൃത്തിയാക്കൽ, ആരോഗ്യബോധവല്ക്കരണം എന്നിവ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പകർച്ചവ്യാധികൾ നേരിടാനായി ചികിത്സാ സംവിധാനം ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്? | (ഡി) | ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മേൽ തട്ടിലുള്ള എല്ലാ ആശുപത്രികളിലും പകർച്ച വ്യാധി നിയന്ത്രണത്തിനാവശ്യമായ വിവിധതരം ആന്റിബയോട്ടിക്കുകൾ , വേദന സംഹാരികൾ, വിവിധതരം ഐ.പി. ഫ്ളൂയിഡുകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം രോഗമുള്ളവരെ തുടക്കത്തിലെ കണ്ട്പിടിക്കുന്നതിനും , ആവശ്യമായ ചികിത്സ നൽകുന്നതിനും വേണ്ട സംവിധാനങ്ങൾ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.അതോടൊപ്പം മലയോരപ്രദേശങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു. കൂടാതെ എലിപ്പനിയ്ക്കെതിരെ പ്രതിരോധ ഗുളികകളും, ജപ്പാൻ ജ്വരത്തിനെതിരെ രണ്ട് ജില്ലകളിൽ പ്രതിരോധവാക്സിനുകളും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ